038728

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന കായികതാരങ്ങളുടെ സേവനം സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ(സർവീസസ് -ഡി) വകുപ്പ്**

**സ.ഉ.(കൈ)നം.314/2017/പൊ.ഭ.വ** **തീയതി, തിരുവനന്തപുരം, 10.10.2017**

---

പരാമർശം:- 20.05.2006 ലെ സ.ഉ. (കൈ) നം. 127/2006/പൊ.ഭ.വ. നമ്പർ ഉത്തരവ്

**ഉത്തരവ്**

സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായികതാരങ്ങളുടെ സേവനം സംബന്ധിച്ച് പരാമർശ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായികതാരത്തിന് 35 വയസ്സ് പൂർത്തിയാകുകയോ അല്ലെങ്കിൽ 'Active Sports' ൽ നിന്ന് വിരമിക്കുകയോ ഏതാണോ ആദ്യം ആയതുവരെ സൂപ്പർന്യൂമററി തസ്തികയിൽ തുടരേണ്ടതാണ്. അതിനുശേഷം നിയമനം ലഭിച്ച വകുപ്പിൽ പ്രസ്തുത തസ്തികയിൽ അടുത്തതായി ഉണ്ടാകുന്ന ഒഴിവിൽ ടിയാളിനെ ഉൾക്കൊള്ളിക്കേണ്ടതാണ്.

എന്നാൽ സ്പോർട്ട്സ് ക്വാട്ടയിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന കായികതാരങ്ങൾക്ക് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന കായികതാരങ്ങൾക്ക് റെഗുലർ തസ്തികയിൽ ഉൾക്കൊള്ളിക്കുന്ന തീയതിക്ക് മുമ്പുള്ള കാലയളവിലും ഇൻക്രിമെന്റിന് അർഹതയുണ്ട് എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**ആർ. രാജശേഖരൻ നായർ**
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവന്മാർക്കും.
ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 08.06.2017 ലെ E(426571) No.Exp.A2/143/2017.Fin പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ